# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3607 15.07.2015 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് തമിഴ്നാട് നൽകിയ സത്യവാങ്മൂലം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.വി ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | | പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിന് ഭീകരസംഘടനകളുടെ ഭീഷണിയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരാമർശ വിഷയവുമായി ബന്ധപ്പെട്ട ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് സുരക്ഷ മുതലായ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഇടക്കാല ഹർജിയിന്മേലുള്ള അഡീഷണൽ അഫിഡവിറ്റിനോടൊപ്പം കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ സുരക്ഷാ പരിശോധന സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കിയിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) സംസ്ഥാന സർക്കാരിന് പ്രസ്തുത ഇന്റലിജൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലും നടത്തിയ സുരക്ഷാ പരിശോധനാറിപ്പോർട്ടിന്റെ പകർപ്പ്; റിപ്പോർട്ട് രഹസ്യരേഖയായി സൂക്ഷിക്കണമെന്ന |

നിർദ്ദേശത്തോടെ സംസ്ഥാന ചീഫ് സെക്രട്ടറിയ്ക്കും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയിൽ നിന്ന് ലഭിച്ച റിപ്പോർട്ട് പരിശോധിച്ചിരുന്നു. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുല്ലപ്പെരിയാറിൽ സുരക്ഷാ പരിശോധന നടത്തുന്ന വിവരം സംസ്ഥാന സർക്കാരിനേയോ ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥരേയോ മുൻകൂറായി അറിയിക്കാതിരുന്നതും, സംസ്ഥാനത്തെ പ്രതിനിധീകരിച്ചുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ സുരക്ഷാപരിശോധന നടത്തിയ നടപടി ന്യായീകരിക്കത്തക്ക തല്ലെന്നും കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാറിലെ അണക്കെട്ടിന്റെ സുരക്ഷയ്ക്കായി കേന്ദ്രസേനയെ നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലായെന്നും, ഇതിലേക്കായുള്ള തമിഴ്നാടിന്റെ വാദഗതികൾ പരിഗണനാർഹമല്ലെന്നും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി വിശദവിവരങ്ങൾ അറിയിച്ചുകൊണ്ട് ബഹു: കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്ക് വിശദമായ കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ